LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഉണ്ട്. തിരുവനന്തപുരം തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ച ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമായിട്ടുണ്ട്. ബസ് യാത്രക്കാർക്കുവേണ്ട സൗകര്യങ്ങളും ഷോപ്പിംഗ് മാളും 220-ൽ പരം കാറുകൾക്കും 500-ൽ അധികം ഇരുചക്രവാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യവും ഈ ഷോപ്പിംഗ് മാളിലുണ്ട്. കെ.എസ്.യു.ഡി.പി.-യുടെ കീഴിൽ നടന്നുവരുന്ന ഓടയുടെ നിർമ്മാണവും യാർഡ് ലെവലിംഗും യാർഡ് പേവിംഗും പൂർത്തിയാകുമ്പോൾ തമ്പാനൂരിലെ യാത്രാക്ലേശത്തിനും പാർക്കിംഗ് പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമാകും. കിഴക്കേക്കോട്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കൊപ്പം സ്വകാര്യ ബസ്സുകളുടെയും സർവ്വീസ് കേന്ദ്രമാണ്. ആധുനിക രീതിയിലുള്ള ബസ് ടെർമിനൽ സജ്ജീകരിക്കുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികശേഷി ഇല്ലാത്തതാണ്. ട്രിഡ തുപകല്പന ചെയ്തിട്ടുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെയും ബസ് ടെർമിനലിന്റെയും നിർമ്മാണം നടപ്പിലാക്കുന്നതോടെ കിഴക്കേക്കോട്ടയിലെ ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. ബസ് ഡിപ്പോയും പരിസരങ്ങളും വൃത്തിയായി പരിപാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഗതാഗത വകുപ്പിൽനിന്നും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ

174 (1612) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ എത്രത്തോളം ഉണ്ടെന്നും പ്രതിവർഷം എത്ര ടൺ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നുണ്ട് എന്നതിന്റെയും കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും, വേസ്റ്റ് ശേഖരണം, കൈമാറ്റം എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുന്ന ഇ-വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുവാൻ നഗരകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ക്ലീൻ കേരള കമ്പനി, ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ കരാറിലേർപ്പെട്ടുകയും സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങിയിട്ടുമുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും വേസ്റ്റ് ശേഖരണം, കൈമാറ്റം എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും മുഖേന സർക്കാർ സ്വീകരിച്ചുവരികയാണ്.

ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ

175 (1613) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ അംഗീകാരമുള്ള ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് സ്കീമുകൾ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത സ്കീമുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് സ്കീമുകളെ പുനരാവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ, ഇതിനായി ഔട്ട് സോഴ്സിംഗ് നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ നിലവിലുള്ള ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly